കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.പ്രേംലാൽ പി., ഹെഡ് ക്ലർക്ക്, വർക്കല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, തിരുവനന്തപുരം ഫയൽ ചെയ്ത OA-1681/2016-ലെ അന്തിമ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1606/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 17.05.2017.

---

പരാമർശം:
1) ഗ്രാമവികസന കമ്മീഷണറുടെ 22.07.2016-ലെ 6583/ എസ്റ്റാ.സി3/2012/ സിആർഡി നമ്പർ നടപടിക്രമം
2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1681/2016-മേലുള്ള 02.03.2017-ലെ അന്തിമ ഉത്തരവ്.
3) ശ്രീ.പ്രേംലാൽ പി., ഹെഡ് ക്ലർക്ക്, വർക്കല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, തിരുവനന്തപുരം സമർപ്പിച്ച 27.02.2017-ലെ നിവേദനം

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പ്രേംലാൽ പി.-യെ പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്കിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ.പ്രേംലാൽ പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1681/2016-മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവായി.

> "Learned counsel for the applicant submits that a request has also been submitted for being considered at the time of general transfers. In these circumstances, there will be a direction to the 1st respondent to see that Annexure A5 representation of the applicant is considered at the time of ordering general transfers or within a period of three months from the date of receipt of a certified copy of this order, whichever is earlier".

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1681/2016-മേലുള്ള 02.03.2017-ലെ ഉത്തരവിന്റെയടിസ്ഥാനത്തിൽ ശ്രീ.പ്രേംലാൽ.പി. പരാമർശം (3) പ്രകാരം ടിയാനെ വർക്കല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-ലെ ജനറൽ ട്രാൻസ്ഫറിൽ ശ്രീ.പ്രേംലാൽ.പി.-യുടെ അപേക്ഷ (അനുബന്ധം-A5) പരിഗണിക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട്, ശ്രീ.പ്രേംലാൽ.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1681/2016 നമ്പർ കേസിന്റെ 02.03.2017-ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**

**സെക്രട്ടറി**

ശ്രീ.പ്രേംലാൽ.പി., ഹെഡ് ക്ലർക്ക്, വർക്കല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, തിരുവനന്തപുരം
(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Seena

-* സെക്ഷൻ ഓഫീസർ